
# FEATHER

## MAGAZINE



## *Little Kites*

## SVHSS CLAPPANA



നമ്മുടെ സ്കൂൾ ശതാബ്ദിയുടെ നിറവിൽ എത്തിനിൽക്കുമ്പോൾ, വിവരസാങ്കേതിക വിദ്യയും ആർട്ടിഫിഷൽ ഇന്റലിജിന്റ്സും പിടിമുറുക്കിയിരിക്കുന്ന ഈ കാലത്ത് പഠിക്കൽ അനിവാര്യമായ ഐ ടി ക്കായി നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഇ-മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

സജികുമാർ. എസ്
ഹെഡ്മാസ്റ്റർ

# FROM THE
# Editor

ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബ് ഇ - മാഗസിൻ കുഞ്ഞിളം ഭാവനയിൽ വിടർന്നതാണ്. ലോകം കൈക്കുമ്പിളിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ അൽപനേരം സാങ്കേതികവിദ്യയും നുകരാനായതിൽ ഞങ്ങൾ അഭിമാനിക്കുന്നു. കൂട്ടുകാരുടെ മനസ്സിൽ വിരിഞ്ഞ കഥകളും കവിതകളും ലേഖനങ്ങളും മറ്റും ഇതിൽ കുറിച്ചിട്ടുണ്ട്. അതിനുവേണ്ടി പരിശ്രമിച്ച കൂട്ടുകാർക്കും താങ്ങായി നിന്ന അദ്ധ്യാപകർക്കും നന്മകൾ നേർന്നുകൊണ്ട് കുറവുകൾ ഉണർത്തുമെന്ന വിശ്വാസത്തോടെ നിങ്ങളുടെ കരങ്ങളിലേക്ക്.........

സ്നേഹപൂർവ്വം.....

എഡിറ്റോറിയൽ ടീം.....

# Table of Contents


06 മനം

07 എന്റെ ചങ്ങാതി

08 സോഫിയ എന്ന സുന്ദരി


09 അനാഥൻ

10 മരണമെന്ന യാഥാർഥ്യം

11 വിദ്യാലയം

12 Inspiring words of Dr.APJ Abdul Kalam


SHANMUKHA VILASAM
HIGHER SECONDARY SCHOOL, CLAPPANA
Estd: 1918
ഷൺമുഖ വിലാസം ഹയർ സെക്കണ്ടറി സ്കൂൾ
ക്ലാപ്പന
(എൽ.പി. വിഭാഗം)
Managed by എസ്.എൻ.ഡി.പി.ശാഖ 181, 182, 443



# മനം

എന്റെ മനം ഒരു ഗാനം പോലെ
നിന്റ മനം ഒരു ഗീതം പോലെ
നമ്മിൻ  മാനമൊരു ചഞ്ചലമായ
ഗീതം പോലെ നാദം പോലെ
ഗീതം പോലെ നാദം പോലെ
എന്റ  മനമൊരു പീലി പോലെ
നിന്റ മനമൊരു തൂവൽ പോലെ
നമ്മിന് മനമൊരു ചഞ്ചലമായ
ഗീതം പോലെ നാദം പോലെ
ഗീതം പോലെ നാദം പോലെ

പൂജ. ഡി

# എന്റെ ചങ്ങാതി



ഒരു കാട്ടിൽ ഒരു പെൺകുട്ടിയും അമ്മയും ജീവിച്ചിരുന്നു. അവർക്കു തുണയായി ആരുംതന്നെയില്ല.ഒറ്റപ്പെട്ട സ്ഥലത്തു ഓലകൾ മേഞ്ഞ കുടിലുമാത്രാമായിരുന്നു അവരുടെ അകെ സമ്പാദ്യം.പിന്നെ എത്രെയോ വർഷങ്ങളായി നിൽക്കുന്ന മരവും.അവളുടെ പേര് മാളു.അവർക്കു കുട്ടെന്ന് പറയാൻ ആരുമില്ല.കാട്ടിൽ നിന്ന് കിട്ടിയ വിറകുകളും പഴങ്ങളും മറ്റും വിറ്റാണ് ജീവിച്ചിരുന്നത്.മാളുവിന്റെ ഏക സങ്കടം അവർക്കു ചങ്കതി ഇല്ലാനായിരുന്നു.പാവം ഒരിക്കൽ അവളുടെ കയ്യിൽ നിന്ന് ഒരു കുടം താഴെ വേണു പൊട്ടി.അന്ന് അമ്മ അവളെ ഒരുപാടു തല്ലി.ആ സങ്കടം സഹിക്കാനാവാതെ അവൾ മരത്തിന്റെ ചുവട്ടിൽ ഇരുന്നു കരഞ്ഞു. പെട്ടന്ന് ഒരു ശബ്ദം. നീ എന്തിനാണ് കരയുന്നത്.അവൾ ചുറ്റിനും നോക്കി ആരെയെയും കാണുന്നില്ല.വീണ്ടും ആ ശബ്ദം ആവർത്തിച്ചു.അവൾ തിരിഞ്ഞു നോക്കിയതും ഞെട്ടിപ്പോയി.മരം സംസാരിക്കുന്നു. അവൾ ഓടി വീട്ടിൽ കയറി.കുറച്ചു സമയം കഴിഞ്ഞു 'അമ്മ വിറകു ശേഖരിക്കാൻ കാട്ടിലേക്ക് പോയി.ആ തക്കം നോക്കി അവൾ മരത്തിന്റെ അടുത്തെത്തി.ചുറ്റും നടന്നു നോക്കി.നീ എന്തിനാണ് പേടിച്ചോടിയത്.മരം വീണ്ടും ചോദിച്ചു.അവൾ ഒന്നും മിണ്ടാതെ അത്ഭുതത്തോടെ നോക്കി നിന്നു.മരം അവളോട് എല്ലാം ചോദിച്ചു.അവൾ അതിനു മറുപടി നൽകി.പയ്യെ പയ്യെ അവർ ചങ്കത്തികളായി മാറി.അവളുടെ സങ്കടങ്ങൾ എല്ലാം മാറി.എല്ലാ ദിവസവും അവൾ മരത്തിനോട് സംസാരിക്കും.അങ്ങനെ മാളുവിന്റെ സങ്കടങ്ങൾ മാറി.അവൾ സന്തോഷത്തോടെ ജീവിച്ചു.

**അഫ് ലഹ. എസ്**



# സോഫിയ എന്ന സുന്ദരി

## ആദിത്യൻ. പി

2015 ഏപ്രിൽ 19
ആണ് സോഫിയയുടെ
ജനനം .
സാങ്കേതികമായി
പറഞ്ഞാൽ സോഫിയ
എന്ന യന്ത്രം ആക്ടീവേറ്റ്
ചെയ്തത് അന്നാണ്.
ഹോളീവുഡ് നടി
ഓഡ്രിഹെപ്ബണിന്റെ
ഛായയിൽ ആണ്
സോഫിയയെ
ഡിസൈൻ ചെയ്തത്.
ആർട്ടിഫിഷ്യൽ
ഇന്റലിജന്റ്സ് വിശ്വൽ
ഡാറ്റാപ്രോസസ്സിങ്.
ഫേഷ്യൽറെക്കഗ്നിഷൻ
എന്നിവ
സോഫിയക്ക്മുഖരൂപ
ത്തോടൊപ്പം ഒരു
വ്യക്തിത്വവും നൽകി.

വൃദ്ധസദനങ്ങളിൽമുതി
ർന്നപൗരന്മാർക്കു
ബോറടിക്കാതെ
സംസാരിച്ചിരിക്കുന്ന
സുഹൃത്തായും വലിയ
ജനക്കുട്ടംമുള്ള സ്റ്റേജ്
പരിപാടികളിൽ നിരധരം
സംസാരിച്ചു
ജനത്തെ
പിടിച്ചുനിർത്തുന്ന
അവതരികയായിയും
ഉപയോഗിക്കാനാണ്
സോഫിയായെ
സൃഷ്ടിച്ചാത്.ബോംബെ
ഐഐടിടെക്ഫെസ്റ്റി
ൽ
എത്തിയയന്ത്രവനിത
സൊഫീയ
കളിച്ചിരിവർത്തമാന
ങ്ങളുമായി ആളുകളേ
കയ്യിലെടുത്തതു
എങ്ങനെ?ശരിക്കു
സോഫിയ മനുഷ്യനോട്
കിടപിടിക്കുന്ന
റോബോട്ട് ആണോ?
സ്വതന്ത്രബുദിയും
ആലോചനഅല്ലകിൽ
അങ്ങനെതോന്നിപ്പി
ക്കുന്നുണ്ട്
അതാണ്അതിന്റ
വിജയവും.
മനുഷ്യനുമായി ഈ
യന്ത്രവനിതക് വലിയ
വ്യത്യാസം ഇല്ല എന്നു
സോഫിയയുടെ
സൃഷ്ടാക്കളായ
ഹാൻസൻ
റോബോട്ടിക്സിന്റ
മേധാവി റോബർട്
ഹാൻസൻ
അവകാശപ്പെടുന്നു

എന്നാൽ
സോഫിയയുടെ
പിന്നിലെ പ്രധാന
എൻജിനിയർ
ബെൻഗോയെട്സൽ
പറയുന്നത്
ഇങ്ങനെയാണ് ഊതി
പ്പെരുപ്പിച്ച ഒരു
സോഫിയയായാണ്
നമ്മൾ ഇന്ന്
കാണുന്നത്
മനുഷ്യനോട്
ചെറുതയാകിലും
മൽസരിച്ചു
നിൽകാവുന്ന
ബൗദ്ധിക
നിലവാരവും
സംഭാഷണ
രീതിയുമുള്ള ഒരു
റോബോട്ടിനെ
അല്ലകിൽ
ആർട്ടിഫിക്കൽ
ഇന്റലിജന്റ്സ്
സവിധാനത്തിന്
വേണ്ടി
ഒരുപതിറ്റാണ്ടുകൂടി
കാത്തിരിക്കണം



# അനാഥൻ

പള്ളിക്കൂടം വിട്ട് വന്ന ഞാൻ കണ്ടത്
പൊട്ടിക്കരയുന്നൊരാൾക്കൂട്ടമാണ്.
വീടിൻ വരാന്തയിൽ എന്നെ കാത്തിരിക്കുന്ന
അമ്മയെ  കണ്ടില്ല എന്നാൽ
കണ്ണീരു കണ്ടു ഞാൻ എന്തെന്ന് അറിയില്ല
ഏതാന്നറിയില്ല
ആരോടും മിണ്ടാതെ ഞാൻ നടന്നു .

വെള്ളത്തുണി മൂടി അച്ഛനും അമ്മയും
നിശ്ചലമായി കിടക്കുന്ന കണ്ടു
ഞാൻ മെല്ല ഞാൻ ഓടി ചെന്നു അമ്മക്ക്
അരികിൽ ഇരുന്നൊരു വിഷമങ്ങൾ
ചൊല്ലിടുന്നു, എന്നാൽ
അമ്മ എന്നോടൊന്നും മിണ്ടിയില്ല.
അമ്മായി മെല്ല എന്നെ എടുത്തിട്ടു
എന്നോട് ചൊല്ലി നിന്നച്ഛൻ മരിച്ചുപോയി
'അമ്മ മരിച്ചുപോയി
ഒന്നും മനസിലായില്ലെനിക്കപ്പോൾ
എന്നാൽ ഒന്ന് മനസിലായി എന്റ
അച്ഛനിനിയില്ല അമ്മായിനിയില്ല ഞാനൊരു
അനാഥനായി ഈ ഭൂമിയിൽ

**സൽമാൻ ഫാരിസ്. എസ്**

# മരണമെന്ന യാഥാർഥ്യം



നൂറ ഹാഷിം

പാതി മയക്കത്തിൽ വിളിച്ചുണർത്തിയ അമ്മയെ ശകാരിച്ചു കൊണ്ട് ഞാൻ എഴുനേറ്റു പ്രഭാതകൃത്യങ്ങൾ പൂർത്തിയാക്കി ഞാൻ സ്കൂളിലേക്ക് മടങ്ങി. സ്കൂളിലെത്തിയപ്പോൾ കഴിഞ്ഞ ദിവസം നടന്ന കവിതാലാപനത്തിന്റെ ഫലപ്രഖ്യാപനം അസംബ്ലിയിൽ നടന്നു. ഒന്നാം സമ്മാനം ആറ് ബീയിലെ അർജുൻ എന്ന് വിളിച്ചുപറഞ്ഞപ്പോൾ ഞാൻ ശെരിക്കും ഞെട്ടി.കൂട്ടുകാരുടെ കയ്യടിക്കിടയിലൂടെ നടന്ന് സ്റ്റേജിൽ കയറി. സമ്മാനം ഏറ്റുവാങ്ങുമ്പോൾ ഞാൻ  എന്റെ അമ്മയെ ഓർത്തു. കാരണം ഇപ്പോഴത്തെ എന്റെ വിജയത്തിന് പിന്നിൽ എന്റെ അമ്മയായിരുന്നു. ആ നേരം എനിക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി.ഉച്ചഭക്ഷണസമയത്ത്  അമ്മതന്ന പൊതിച്ചോറ് കൊതിയോടെ കഴിച്ചു. അപ്പോഴും എന്റെ മനസ്സിൽ എനിക്ക് കിട്ടിയ സമ്മാനമായിരുന്നു.എനിക്കാദ്യമായി കിട്ടിയ സമ്മാനം എന്റെ അച്ഛനെ കാണിക്കാൻ കഴിയാത്തതിൽ എനിക്ക് ഏറെ സങ്കടമുണ്ടായിരുന്നു.അച്ഛൻ ഞങ്ങളിൽ നിന്ന് അകന്ന് പോയിട്ട് ഒന്നര വർഷം പിന്നിട്ടു.ഈ ചിന്ത ഉപേക്ഷിച്ച ഞാൻ എഴുന്നേറ്റ് കൈ കഴുകി ക്ലാസ്സിലേക്ക് മടങ്ങി. അതുകഴിഞ്ഞുള്ള പീരീഡുകളിൽ എന്റെ ചിന്ത മുഴുവനും എനിക്ക് ലഭിച്ച സമ്മാനം അമ്മയെ കാണിക്കുക എന്നത് മാത്രമായിരുന്നു. മലയാളം മാഷ് എനിക്കേറെ ഇഷ്ടപെട്ട മഞ്ഞുതുള്ളി എന്ന കവിത പഠിപ്പിക്കുമ്പോഴും എന്റെ ചിന്ത സമ്മാനത്തിലും അമ്മയിലുമായിരുന്നു.നാലുമണിയായപ്പോൾ വീട്ടിലേക്കു പോകാനുള്ള മണിയടിച്ചു.എന്നത്തേക്കാളും ധൃതിയിൽ ഞാൻ വീട്ടിലേക്ക് നടന്നു.എനിക്ക് ലഭിച്ച സമ്മാനം എത്രയും പെട്ടന്ന് അമ്മയെ കാണിക്കാൻ തിടുക്കമായിരുന്നു.വീടിന്റെ ഇടനാഴികളിലൂടെ നടക്കുമ്പോൾ അവിടം നിറയെ ജനക്കൂട്ടമായിരുന്നു.അവരിൽ പലരും എന്നെ ഉറ്റുനോക്കി.ഞാനത് വകവയ്ക്കാതെ വീട് ലക്ഷ്യമാക്കി നടന്നു.വീടടുക്കുംതോറും ആൾകൂട്ടം കൂടിവന്നു.ജനക്കൂട്ടത്തെ മറികടന്ന് ഞാൻ വീട്ടിനകത്തേക്ക് നടന്നു.അവിടെ ഞാൻ കണ്ട കാഴ്ച അസഹനീയമായിരുന്നു.വെള്ളപുതപ്പിച്ച് കിടത്തിയിരിക്കുന്ന എന്റെ അമ്മയെയാണ് ഞാൻ കണ്ടത്.ഞാൻ എനിക്ക് ലഭിച്ച സമ്മാനം അമ്മക്ക് മുന്നിൽ സമർപ്പിച്ച് പൊട്ടിക്കരഞ്ഞു.എനിക്കിനി ആരുമില്ല എന്ന യാഥാർഥ്യം എന്റെ മുന്നോട്ടുള്ള ജീവിതത്തെ തളർത്തി.

# വിദ്യാലയം


അറിവിന്റ്  ആദ്യ പാഠമായ്
നിറവിന്റെ  പുതുകിരണമായ്
ഒരായിരം  സൗഹൃദങ്ങൾ തന്ന
എന്റെ വിദ്യാലയം
ഒളിമങ്ങാത്ത ശോഭയായ്
എന്റെ മുന്നിൽ വെളിച്ചമായി
അക്ഷരങ്ങൾകൊണ്ട് ജീവിക്കാൻ -
പഠിപ്പിച്ച എന്റെ വിദ്യാലയം
വിടപറയാൻ നേരമായെന്ന്
പറയുന്ന കാറ്റിന്റെ മൂളൽ
ഈ തണലിൽ അലിഞ്ഞ
അറിവിന്റെ മനോഹരമായ കാലം
ഇവിടെ തെളിയുന്ന
വിദ്യതൻ മഹത്വമേ
നീയെന്നുമെൻ വഴികാട്ടി
സ്വപ്നത്തിന്റെ ചിറകേറി തന്ന
വിദ്യാലയമേ നിന്നെ ഞാൻ ഓർക്കുന്നു

**മീര സഞ്ജീവ്**

# INSPIRING WORDS OF DR.APJ ABDUL KALAM

- Look at the sky, we are not alone. The whole universe is friendly to us and inspires only to give the best to those who dream and work
- You have to dream before your dream can come true.
- Without your involvement you can't succeed. With your involvement you can't fail.
- Man needs his difficulties because they are necessary to enjoy success.
- Excellence is a continuous process and not an accident.
- God our creator has stored within our mind and personalities, great potential, strength, ability prayer helps us tap and develop these powers.

*Ayisha*


ചരിത്ര വിജയം
SVHSS
Clappana
100 മേനിയിൽ നാലാമതും ..
53 Full A+
വിജയികൾക്ക് അഭിനന്ദനങ്ങൾ...


ആലപ്പുഴയുടെ
ആദരം
ALAPPUZHA
MP's
MERIT
AWARD
2023
Congratulations to
SVHSS CLAPPANA
SSLC
100%
Adv. A.M. Ariff
Member of Parliament
Lok Sabha
Presented for the commendable achievement of
100% pass in SSLC Examination 2023

# കൊല്ലം ജില്ലാ INTER SCHOOL ടീം ചെസ്സ് ചാമ്പ്യൻഷിപ്പിൽ (CIS) 2024 പങ്കെടുത്ത് 56 – ൽ അധികം ടീമുകളോട് മത്സരിച്ച് സംസ്ഥാന തലത്തിലേക്ക് SELECTION ലഭിച്ച SVHSS ടീം



ഭൂമിക. ആർ



സൂര്യ നാരായണൻ. എസ്




ആദർശ്. ആർ

## SVHSS ചെസ്സ് ടീം





## State Young Innovative Programme എസ് വി എച്ച് എസ് എസിലെ കുട്ടി ശാസ്ത്രജ്ഞരും

നമ്മുടെ കുട്ടി ശാസ്ത്രജ്ഞരുടെ ആശയം സംസ്ഥാന തലത്തിലേക്ക് ,വലിയ വലിയ സംഭാവന ചെയ്തിട്ടുള്ള ശാസ്ത്രജ്ഞർക്കും കഴിവുകൾ തെളിയിച്ചിട്ടുള്ള സുപ്രസിദ്ധ വ്യക്തികൾക്കും അവരുടേതായ കഴിവുകളും വേറിട്ട ചിന്തകളും ആശയങ്ങളും ഉണ്ടായിരുന്നു. അത്തരം വേറിട്ട ചിന്തകൾ വിദ്യാർത്ഥികളിൽ നിന്നും കണ്ടെത്തി പിന്തുണ ഒരുക്കി സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള പ്രയത്നമാണ് Young innovative programme ലൂടെ സംസ്ഥാന സർക്കാർ നടത്തുന്നത്.  സംസ്ഥാന തലത്തിലേക്ക് കൊല്ലം ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ക്ലാപ്പന, എസ്. വി. എച്ച്. എസ്. എസിലെ ശ്രീരാഗ് .ആർ, സ്വാതി.എസ്, ദേവിക സുദർശനൻ എന്നിവർ തിരുവനന്തപുരം അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ  അവസാനഘട്ട പരിശീലനത്തിലാണ്. മൂന്നുപേർക്കും ആശംസകൾ





**സംസ്ഥാന സ്കൂൾ കലോത്സവത്തിൽ A ഗ്രേഡ് നേടിയ സ്കൂളിന്റെ അഭിമാന താരങ്ങൾ  ആലപ്പുഴ എം പി എ എം ആരിഫിൽ നിന്ന് ഉപഹാരങ്ങളുമായി ....**



**ഈ വർഷത്തെ കലോത്സവത്തിലും, കായിക മാമാങ്കത്തിലും, ശാസ്ത്ര മേളയിലും മികവു തെളിയിച്ച ഞങ്ങളുടെ പ്രതിഭകൾ**

■ 'ഇൻജ്യൂറിയസ് ടു ലൈഫ്'

# ലഹരിക്കെതിരെ ഹ്രസ്വചിത്രവുമായി ഷണ്മുഖവിലാസം സ്കൂൾ

## ക്യാമ്പസ് ഡയറി

**സ്വന്തം ലേഖകൻ**

**കരുനാഗപ്പള്ളി**

ലഹരിക്കെതിരെ ഹ്രസ്വചിത്രവുമായി ഒരുമിക്കുകയാണ് ഒരു കലാലയം. അധ്യാപകരും വിദ്യാർഥികളും ചേർന്ന് ഒരുക്കിയ ഹ്രസ്വചിത്രത്തിലൂടെയാണ്

ലൈഫ്' ഒരുക്കിയത്.

ആദ്യ പ്രദർശനം സ്കൂൾ അങ്കണത്തിൽ എക്സൈസ് കമ്മീഷണർ എം നൗഷാദ് സ്വിച്ച് ഓൺചെയ്തു. സ്കൂളിലെ പ്രധാനാധ്യാപകൻ എസ് സജികുമാറിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ ഹ്രസ്വചിത്രത്തിന് 15 മിനിറ്റ് ദൈർഘ്യമാണുള്ളത്. ലഹരിയിലേക്ക് വഴുതിവീണ വിദ്യാർഥിയെ അധ്യാപികയുടെ ഇടപെടൽ മൂലം നേർവഴിയിലേക്ക് നയിക്കുന്നതാണ് പ്രമേയം.



# ഭൂട്ടാനിൽ വിജയഗാഥ രചിച്ച് ക്ലാപ്പന എസ്.വി.എച്ച്.എസ്.എസിലെ കുട്ടികൾ



▶ രാജ്യാന്തര ഫുട്ബോൾ മത്സരത്തിൽ വിജയിച്ച ക്ലാപ്പന എസ്.വി.എച്ച്.എസ്.എസ്. ടീം



എച്ച് എസ് വിഭാഗം പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന ചടങ്ങിൽ നിന്ന്.



എൽ പി വിഭാഗം കെട്ടിടത്തിന്റെ
ഉദ്ഘാടന ചടങ്ങിൽ നിന്നും

# THANKS....